ഖാദി മേഖലയുടെ പ്രശ്നങ്ങൾ സംബന്ധിച്ചും ഈ മേഖലയുടെ നവീകരണത്തിനു വേണ്ടിയും പഠനം നടത്തുവാൻ ശ്രീ. ഗോപിനാഥൻ നായർ കമ്മിറ്റിയെ നിയോഗിച്ചിരുന്നതും പ്രസ്തുത കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ടിലെ ശിപാർശകൾ ഘട്ടംഘട്ടമായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുള്ളതുമാണ്. ഖാദി മേഖലയിലെ തൊഴിലാളികളുടെ മിനിമം കൂലി സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ഒരു സമിതിയെ ചുമതലപ്പെടുത്തിയിരുന്നു. സമിതിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഖാദി തൊഴിലാളികളുടെ മിനിമം കൂലി സർക്കാർ നിശ്ചയിച്ച് ഉത്തരവാകുകയും ആയതിനായി ധനസഹായം അനുവദിക്കുകയും ചെയ്തിരുന്നു. പരമ്പരാഗത കയർ വ്യവസായം നേരിടുന്ന പ്രശ്നങ്ങളെയും പ്രതിസന്ധികളെയും പറ്റി സമഗ്രമായ പഠനം നടത്തുന്നതിനായി ശ്രീ. ആനത്തലവട്ടം ആനന്ദൻ ചെയർമാനായി ഒരു കമ്മീഷനെ നിയോഗിച്ചിരുന്നു. കയർ മേഖലയിൽ നിയന്ത്രിത യന്ത്രവൽക്കരണം നടപ്പാക്കി ആധുനികവത്കരിക്കുന്നതിനടക്കമുള്ള നിർദ്ദേശങ്ങൾ കമ്മീഷൻ നൽകിയിരുന്നു. പ്രസ്തുത ശിപാർശയടക്കം മിക്ക നിർദ്ദേശങ്ങളും കയർമേഖലയിൽ നടപ്പാക്കിയിട്ടുണ്ട്.

(ബി) കേന്ദ്ര സർക്കാരിന്റെ റിവൈവൽ റിഫോംസ് ആന്റ് റീസ്ട്രക്ച്ചറിംഗ് പാക്കേജിലൂടെ നിലവിൽ പ്രവർത്തിക്കുന്ന പതിമൂന്ന് സംഘങ്ങൾക്ക് ആനുകൂല്യങ്ങൾ അനുവദിച്ചിട്ടുണ്ട്. കൂടാതെ ഇൻകം സപ്പോർട്ട് സ്കീം, പ്രൊഡക്ഷൻ ഇൻസെന്റീവ് എന്നീ പദ്ധതികൾപ്രകാരം നെയ്ത്തുകാർക്ക് വരുമാനം കൂട്ടുവാൻ കഴിഞ്ഞിട്ടുണ്ട്.

(സി) കൈത്തറി മേഖലയിൽ നിക്ഷേപം നടത്താൻ പുതിയ സംരംഭകരെ സഹായിക്കാനായി സ്വയം തൊഴിൽ പദ്ധതി നടപ്പിലാക്കി വരുന്നു. ഈ പദ്ധതി അനുസരിച്ച് പോജക്ടിന്റെ നാൽപത് ശതമാനം (പരമാവധി നാല് ലക്ഷം രൂപ വരെ) മാർജിൻമണി വായ്പയായി നൽകുന്നു. കൂടാതെ പ്രവർത്തന മൂലധനം കണ്ടെത്തുന്നതിനായി മുപ്പത് ശതമാനം (പരമാവധി 1.5 ലക്ഷം രൂപാ മാർജിൻമണി ഗ്രാന്റായി സർക്കാർ നൽകുന്നു.

മൾട്ടിലെവൽ മാർക്കറ്റിംഗ് റെഗുലേറ്ററി അതോറിറ്റി

196 (4187) ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. പി. എ. മാധവൻ :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൾട്ടിലെവൽ മാർക്കറ്റിംഗ് റെഗുലേറ്ററി അതോറിറ്റി രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ബഹുതല വ്യാപാര വ്യവസായ നിയന്ത്രണത്തിനായി എന്തെല്ലാം കാര്യങ്ങളാണ് അതോറിറ്റിയുടെ പ്രവർത്തനത്തിൽ ഉൾപ്പെടുത്താനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ഇതിനായി നിയമനിർമ്മാണം നടത്താനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ ;

(ഡി) നിയമനിർമ്മാണപ്രക്രിയയുടെ ഇപ്പോഴുള്ള അവസ്ഥ ഏതുഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; വിശദാംശങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ-ഡി) ബഹുതല വ്യാപാര വ്യവസായ നിയന്ത്രണത്തിനായി നിയമനിർമ്മാണം നടത്താൻ സർക്കാർ ഉദ്ദേശിക്കുന്നു. ആയതിലേയ്ക്കായി തയ്യാറാക്കപ്പെട്ട കരട് ബിൽ സർക്കാരിന്റെ പരിശോധനയിലായതിനാൽ ഇതിന്റെ വിശദാംശങ്ങൾ തീരുമാനിച്ചിട്ടില്ല

പുതിയ വ്യവസായ സ്ഥാപനങ്ങൾ തുടങ്ങുന്ന നടപടി

197 (4188) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് എത്ര പുതിയ വ്യവസായ സ്ഥാപനങ്ങൾ തുടങ്ങിയിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് നൽകാമോ ;

(ബി) പുതിയ വ്യവസായങ്ങൾ ആരംഭിക്കാത്ത ജില്ലകളിൽ സാധ്യതാ പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ അവ സംബന്ധിച്ച റിപ്പോർട്ടുകളുടെ വിശദാംശങ്ങൾ നൽകാമോ ;

(സി) കാസർഗോഡ് ജില്ലയുടെ പിന്നോക്കാവസ്ഥ അവസാനിപ്പിക്കുന്നതിന് വ്യവസായ വകുപ്പ് സ്വീകരിച്ചതും സ്വീകരിക്കാനുദ്ദേശിച്ചതുമായ നടപടികൾ എന്തൊക്കെയാണ് ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് മുഖാന്തിരം ആരംഭിച്ച വ്യവസായങ്ങളുടെ ജില്ല തിരിച്ചുള്ള കണക്കുകൾ ശേഖരിച്ചുനൽകുന്നതാണ്. കിൻഫ്രയുടെ നേതൃത്വത്തിൽ അനുവദിച്ച പദ്ധതികളുടെ ജില്ല തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു:

LIBRARY ARCHIVES Kerala Legislative Assembly